**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **19-09-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | (1) ചാലക്കുടി- ആനമല റോഡ്<br><br>ചാലക്കുടി- ആനമല റോഡിന് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 27.96 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് 21.01 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുകയും 20.35 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 31.03.2025 തീയതിയിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>(2) മലയോര ഹൈവെ റീച്ച് 3- നിർമ്മാണം വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ<br><br>മലയോരഹൈവെ പ്രവൃത്തിക്ക് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 124.69 കോടി രൂപയുടെ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 107.27 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 91.78 കോടി രൂപയ്ക്ക് കരാർ നൽകുകയും 11.08.2024 തീയതിയിൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ലെവൽസ് എടുക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ Culvert, Side drain protection & Drainage നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. സോഷ്യൽ ഫോറസ്ട്രി മൂല്യനിർണ്ണയ റിപ്പോർട്ടിന് അംഗീകാരം ലഭിക്കുകയും മരങ്ങളുടെ ലേല നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്.<br><br>(3) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ് |

മുരിങ്ങൂർ ഏഴാറ്റുമുഖം റോഡിന് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 31.23 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതിയും നൽകി. തുടർന്ന് 30.17 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 27.40 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ 33% പൂർത്തീകരിച്ചു. എന്നാൽ കരാറുകാരന്റെ നിസ്സഹരണത്തെ തുടർന്ന്, പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് 21.90 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ഉൾപ്പെടുത്തി ഈ പ്രവൃത്തിക്ക് 39.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 23.26 കോടി രൂപയ്ക്ക് കരാർ നൽകുകയും 14.10.2024 തീയതിയിൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

നിലവിൽ 4550 മീറ്റർ കാനകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 15 -ൽ 13 എണ്ണം കലിങ്കുകൾ പൂർണ്ണമായും രണ്ടെണ്ണം പകുതിയും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു Minor Bridge ന്റെ നിർമ്മാണവും സംരക്ഷണഭിത്തിയുടെ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ റോഡിന്റെ അവസ്ഥ അനുസരിച്ച് വെള്ളക്കെട്ടും മറ്റും ഒഴിവാക്കുന്നതിനു കൂടുതൽ കാനകൾ ഉൾപ്പെടുത്തിക്കൊണ്ട് Revised Estimate അനുമതിക്ക് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. നിർമ്മല കോളേജ് മുതൽ അടിച്ചിലി വരെ WMM Laying പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ അടിച്ചിലി മുതൽ റോഡ് കട്ടിങ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മുന്നൂർപ്പിള്ളി ഭാഗത്ത് അതിർത്തിനിർണ്ണയിക്കുന്നതിന് ഭൂരേഖ തഹസിൽദാർ , ആലുവക്ക് കത്ത് നൽകിയിട്ടുണ്ട്.

(4) ചാലക്കുടി - മോതിരക്കണ്ണി റോഡ്

ചാലക്കുടി - മോതിരക്കണ്ണി റോഡിന് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും , 30.56 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും നൽകി. തുടർന്ന്, അതിർത്തി കല്ലിടൽ പ്രവർത്തികൾ, SIA പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(5) പൂവത്തിങ്കൽ - വെള്ളൂക്കര റോഡ്

| | | | |
|---|---|---|---|
| | | | പ്രസ്തുത റോഡിന് 12 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 43.04 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകി. അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>(6) പാറക്കുട്ടം പാലം<br><br>പാറക്കുട്ടം പാലം പ്രവൃത്തിക്ക് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 35.15 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാമതിയും നൽകി. അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 4(1) വിജ്ഞാപനത്തിന്റെ കരട് അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>(7) കാഞ്ഞിരപ്പള്ളി കുന്നപ്പള്ളി കടവ് പാലം<br><br>പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. PWD-PPU വിഭാഗം തയ്യാറാക്കിയ മേൽ പ്രവൃത്തിയുടെ DPR കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബി നിർദ്ദേശപ്രകാരം ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചവയുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് അറിയിക്കാമോ; | (ബി) | ചാലക്കുടി മണ്ഡലത്തിൽ ചാലക്കുടി- ആനമല റോഡ് പ്രവൃത്തി 31.03.2025 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള മലയോര ഹൈവെ പ്രവൃത്തിക്ക് ഏകദേശം 9% പുരോഗതിയും മുരിങ്ങൂർ ഏഴാറ്റുമുഖം - ബാലൻസ് പ്രവൃത്തിക്ക് ഏകദേശം 45% പുരോഗതിയും കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ